*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

204th Issue - Volume 5, No.38 **ജാഗ്രത** 30th September 2011

"ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവിൻ, വിനാശത്തിലേക്കു നയിക്കുന്ന വാതിൽ വിസ്തൃതവും വഴി വിശാലവുമാണ്. അതിലേ കടന്നു പോകുന്നവർ വളരെയാണു താനും. എന്നാൽ, ജീവനിലേക്കു നയിക്കുന്ന വാതിൽ ഇടുങ്ങിയതും വഴി വീതികുറഞ്ഞതുമാണ്. അതു കണ്ടെത്തുന്നവരോ ചുരുക്കം."

(മത്തായി -7: 13- 14)

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Josey Ponnambal MSFS



Saint Therese of Lisieux

## പ്രധാന വാർത്തകൾ

നന്ദി നിറഞ്ഞ മനസോടെ മാർപ്പാപ്പാ റോമിൽ മടങ്ങിയെത്തി

കുട്ടികൾ മാതാപിതാക്കളുടെ അവകാശം: കെസിബിസി

സഭാസ്ഥാപനങ്ങൾ വാണിജ്യവത്കരിക്കപ്പെടരുത്: മാർ ജോസഫ് കല്ലറങ്ങാട്ട്

കൃഷ്ണയ്യരുടെ ബില്ലിനെതിരേ കെസിബിസി പ്രോ ലൈഫ് സമിതി പ്രക്ഷോഭത്തിലേക്ക്

മൗലിക അവകാശങ്ങൾക്കു ചങ്ങലയിടരുത്: മാർ പോളി കണ്ണൂക്കാടൻ

ജസ്റ്റീസ് കൃഷ്ണയ്യർ കമ്മീഷൻ റിപ്പോർട്ട് വ്യക്തിസ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റം: ബിഷപ് ഡോ. ജോസഫ് കാരിക്കശേരി

## ജാഗ്രതാ വാർത്ത

പരിസരശുചീകരണം മറക്കുന്ന മലയാളികൾ

## ചരിത്ര ജാഗ്രത

ഡോ. മർസലിനോസ് മെത്രാൻ

## വാരാന്ത്യവീക്ഷണം

ജനസംഖ്യാ നിയന്ത്രണത്തിനായി ആത്മഹത്യകൾ പ്രോൽസാഹിപ്പിക്കണോ?

## നന്ദി നിറഞ്ഞ മനസോടെ മാർപ്പാപ്പാ റോമിൽ മടങ്ങിയെത്തി

നാലുദിവസത്തെ ജന്മനാടു സന്ദർശനത്തിനു ശേഷം ബനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പാ ഞായറാഴ്ച രാത്രി റോമിൽ മടങ്ങിയെത്തി. ജീവിതം ദൈവവിശ്വാസത്തിൽ അധിഷ്ടിതമാക്കി സഭയ്ക്കു കീഴിൽ ഐക്യത്തോടെ അണിനിരക്കാൻ സമാപനദിനത്തിലെ ദിവ്യബലിയിൽ മാർപ്പാപ്പാ ആഹ്വാനം ചെയ്തു. യുവജനങ്ങൾക്ക് എപ്പോഴും ആകർഷണകേന്ദ്രമായ മാർപ്പാപ്പാ ശനിയാഴ്ച രാത്രി ഫ്രൈബുർഗിലെ ഫെയർഗ്രൗണ്ടിൽ യുവജനങ്ങൾക്കായി നടന്ന ജാഗരണ പ്രാർഥനയിൽ മാർപാപ്പ പങ്കെടുത്തതും ഒരു സവിശേഷതയായി. മാർപ്പാപ്പായ്ക്കൊപ്പം ഒരു ലക്ഷത്തോളം യുവജനങ്ങൾ ജാഗരണപ്രാർത്ഥനയിൽ മെഴുകുതിരകൾ കൈയ്യിലേന്തി ക്രിസ്തുവിൽ സ്വയം ജ്വലിച്ചിരുന്നു. സ്വവർഗ്ഗവിവാഹത്തെ തള്ളിപ്പറയാൻ യുവജനങ്ങളോട് സന്ദേശത്തിലൂടെ മാർപ്പാപ്പാ ആഹ്വാനം ചെയ്തു

## കുട്ടികൾ മാതാപിതാക്കളുടെ അവകാശം: കെസിബിസി

കുട്ടികൾ എത്ര വേണമെന്നു തീരുമാനിക്കാനുള്ള അവകാശം പൂർണമായും മാതാപിതാക്കൾക്കുള്ളതാണെന്നു കേരള കത്തോലിക്കാ മെത്രാൻ സമിതി (കെസിബിസി). ഭരണാധികാരികൾക്കോ രാഷ്ട്രത്തിനോ മാതാപിതാക്കളുടെ ഈ പരമാധികാരത്തിൽ കൈകടത്താൻ അവകാശമില്ല. രണ്ടു കുട്ടികളിൽക്കൂടുതൽ ഉണ്ടായാൽ മൂന്നാമത്തെ കുട്ടി മുതൽ ഓരോ കുട്ടിക്കും 10,000 രൂപ എന്ന നിരക്കിൽ പിഴ യോ മൂന്നു മാസം സാധാരണ തടവോ നല്കണമെന്ന ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ കമ്മീഷന്റെ നിർദേശം കിരാതവും മനുഷ്യാവകാശങ്ങളുടെ ലംഘനവും മാതാപിതാക്കളുടെ പരമാധികാരത്തിന്മേലുള്ള കടന്നുകയറ്റവും ഈശ്വരവിശ്വാസത്തിനും ധാർമികതയ്ക്കും എതിരുമാണ്. വിശ്വസിക്കുന്ന നന്മ പ്രചരിപ്പിക്കാൻ സ്വാതന്ത്ര്യം നല്കുന്ന ഭരണഘടനയാണു ഭാരതത്തിന്റേത്. മക്കൾ കൂടുതൽ വേണമെന്നു പ്രചരിപ്പിക്കുന്ന സാമൂഹിക സംഘടനകളെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളെയും കടുത്ത രീതിയിൽ ശാസിക്കാനുള്ള നിർദേശം ഭരണഘടനാലംഘനവും വ്യക്തിസ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റവുമാണ്. വിവാഹമോചനങ്ങൾ സുഗമമാക്കാൻ കുടുംബകോടതികൾക്കു പുറത്തു സ്ഥിരം സംവിധാനം വേണമെന്ന കരടുബില്ലിലെ നിർദേശവും ഭാരതത്തിന്റെ പവിത്രമായ സംസ്കാരത്തിനെതിരാണ്. വ്യക്തിബന്ധങ്ങൾക്കും കുടുംബങ്ങൾക്കും പാവനമായ സ്ഥാനം നല്കുന്ന സാമൂഹിക സംസ്കാരമാണു നമുക്കുള്ളത്. കുടുംബ ബന്ധങ്ങൾ ശക്തമാക്കി കെട്ടുറപ്പുള്ള സമൂഹവും രാഷ്ട്രവും നിർമിക്കാനാണു ജനക്ഷേമം ലക്ഷ്യം വയ്ക്കുന്ന ജനാധിപത്യ സർക്കാരുകൾ പരിശ്രമിക്കേണ്ടത്. പ്രശ്നങ്ങളുള്ള കുടുംബങ്ങളെ എളുപ്പത്തിൽ ശിഥിലമാക്കി കുട്ടികളെ അനാഥരാക്കുന്ന അവസ്ഥയിലേക്കു തള്ളിവിടുകയല്ല ക്ഷേമരാഷ്ട്രം ചെയ്യേണ്ടത്. കുട്ടികൾ കുറയുകയും വൃദ്ധർ വർധിക്കുകയും ചെയ്യുന്ന അവസ്ഥയാണു കേരളത്തിൽ ഇപ്പോൾ നിലനില്ക്കുന്നത്. 1998 മുതൽ 2008 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് 55,770 കുട്ടികളുടെ കുറവാണ് ഉണ്ടായിട്ടുള്ളത്. കുട്ടികളിലാണു രാഷ്ട്രത്തിന്റെ ഭാവി നിലനില്ക്കുന്നത്. കൂടുതൽ കുട്ടികളുള്ള കുടുംബങ്ങളാണു പൊതുവേ ഭദ്രതയുള്ളതെന്നു സാമൂഹികമായി തെളിയിക്കപ്പെട്ടിട്ടുണ്ട്.. കൂടുതൽ മക്കളുള്ള കടുംബങ്ങളെ പ്രോത്സാഹിപ്പിക്കുകയാണു രാഷ്ട്രത്തിന്റെ നല്ല ഭാവി ആഗ്രഹിക്കുന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചെയ്യേണ്ടത്. വനിതാ-ശിശു ക്ഷേമ നിയമസംഹിതയുടെ കരടു ബിൽ ഗർഭച്ഛിദ്രത്തെ പ്രോത്സാഹിപ്പിക്കുന്ന വ്യവസ്ഥകളുണ്ട്. ഇതു മനുഷ്യമഹ ത്ത്വത്തെയും ജീവന്റെ മൂല്യത്തെ യും നിഷധിക്കുന്നതാണെന്നും കെസിബിസി. പ്രസിഡന്റ് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, വൈസ് പ്രസിഡന്റ് ആർച്ച്ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ, സെക്രട്ടറി ജനറൽ ആർച്ച്ബിഷപ് തോമസ് മാർ കൂറിലോസ് എന്നിവർ സംയുക്തപ്രസ്താവനയിൽ അഭിപ്രായപ്പെട്ടു.

## സഭാസ്ഥാപനങ്ങൾ വാണിജ്യവത്കരിക്കപ്പെടരുത്: മാർ ജോസഫ് കല്ലറങ്ങാട്ട്



ആഗോളവത്കരണത്തിന്റെ ആധുനിക കാലഘട്ടത്തിൽ പ്രേഷിതദൗത്യം മറന്ന് സഭാസ്ഥാപനങ്ങൾ വാണിജ്യാവത്കരിക്കപ്പെടരുതെന്ന് മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു. സീറോ മലബാർസഭ പ്രേഷിത വർഷാചരണത്തിന്റെ രൂപതാതല പ്രവർത്തന അവലോകന യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു ബിഷപ്. സഭാസ്ഥാപനങ്ങൾ വാണിജ്യവത്കരിക്കപ്പെടാൻ സാധ്യതയേറെയാണ്. വാണിജ്യവത്കരിക്കപ്പെട്ട സ്ഥാപനങ്ങൾ ആധ്യാത്മികവത്കരിക്കാൻ ഏറെ

ശ്രമകരവുമാണ്. പ്രേഷിത പ്രവർത്തനം വ്യക്തിപരമായ പ്രവൃത്തിയല്ല. ഇത് സഭാത്മകവും സുവിശേഷാത്മകവും ദൈവശാസ്ത്രപരവുമാണ്. പ്രേഷിത പ്രവർത്തനത്തിന്റെ കാതൽ വചനമായ മിശിഹായെ സ്വീകരിക്കുകയാണ്. ഇതിന്റെ ലക്ഷ്യം ജാതീയമോ ഭാഷാപരമോ ആയ സംഘാത്മകതയല്ല, മറിച്ച് ശ്ലൈഹികവും സാർവത്രികവുമായ മാനങ്ങളാണുള്ളത്. അന്ധനു കാഴ്ചയും ബധിരനു കേൾവിയും അടിച്ചമർത്തപ്പെട്ടവനു സ്വാതന്ത്ര്യവുമാണ് സുവിശേഷം: മാർ കല്ലറങ്ങാട്ട് പറഞ്ഞു.

## കൃഷ്ണയ്യരുടെ ബില്ലിനെതിരേ കെസിബിസി പ്രോ ലൈഫ് സമിതി പ്രക്ഷോഭത്തിലേക്ക്

ജസ്റ്റീസ് വി.ആർ.കൃഷ്ണയ്യർ സംസ്ഥാന സർക്കാരിനു സമർപ്പിച്ച വിമൻസ് കോഡ് ബില്ലിലെ കരടു നിർദേശങ്ങൾ മൈനസ് ഗ്രോത്ത് റേറ്റ് കാണിക്കുന്ന കേരളത്തിന് സ്വീകരിക്കാവുന്നതല്ലെന്ന് കെസിബിസി ഓൾ കേരള പ്രോ ലൈഫ് സമിതി അഭിപ്രായപ്പെട്ടു. 1.7 ജനനനിരക്ക് രേഖപ്പെടുത്തിയിരുന്ന കേരളത്തിൽ കഴിഞ്ഞ സെൻസസിലെ കണക്കുകൾ കാണിക്കുന്നത് 1.5-ൽ താഴെയായി കുറഞ്ഞെന്നാണ്. ഇങ്ങനെ പോയാൽ അടുത്ത തലമുറയിൽ കേരളം വൃദ്ധരുടെ സംസ്ഥാനമായി മാറും. യു.എൻ കണക്കനുസരിച്ച് 2.2 ജനനനിരക്ക് ഉണ്ടെങ്കിലേ ജനസംഖ്യ സന്തുലിതമാകൂ. 15 ശതമാനം പുരുഷന്മാർക്കും 12 ശതമാനം സ്ത്രീകൾക്കും വന്ധ്യതയുള്ളതുകൊണ്ട് ഈ കണക്കുപ്രകാരം ജനസംഖ്യ സന്തുലിതമാകണമെങ്കിൽ കുഞ്ഞുങ്ങൾ ജനിക്കുന്ന കുടുംബങ്ങളിൽ നാലു കുഞ്ഞുങ്ങളെങ്കിലും ജനിക്കണം. ഇത്തരം യാഥാർഥ്യങ്ങൾക്കിടയിൽ രണ്ടിലധികം കുഞ്ഞുങ്ങൾ ജനിച്ചാൽ പതിനായിരം രൂപ പിഴയും ജയിൽശിക്ഷയുമെന്ന ബില്ലിലെ നിർദേശങ്ങൾ കേരളത്തെ ഇല്ലാതാക്കും. കൃഷ്ണയ്യരുടെ നിർദേശങ്ങൾക്കു പിന്നിൽ ഭാരത സാക്ഷരതയുടെ മുൻപന്തിയിൽ നിൽക്കുന്ന കേരള സംസ്ഥാനത്തെ ഇല്ലാതാക്കാനുള്ള വിദേശ ശക്തികളുടെ ശ്രമം ഉണ്ടോയെന്ന് അന്വേഷിക്കാൻ സർക്കാർ തയാറാകണമെന്ന് പ്രോ ലൈഫ് സമിതി ആവശ്യപ്പെട്ടു. കുഞ്ഞുങ്ങൾ എത്ര വേണമെന്ന് തീരുമാനിക്കാനുള്ള ദമ്പതികളുടെ അവകാശത്തിൽ കൈകടത്താനുള്ള ബില്ലിലെ നിർദേശങ്ങൾ മനുഷ്യാവകാശ ലംഘനവും വിശ്വാസങ്ങൾക്കും ജീവന്റെ മൂല്യങ്ങൾക്കും നേരേയുള്ള വെല്ലുവിളിയും മനുഷ്യത്വത്തെ യും മാതൃത്വത്തെയും അപമാനിക്കുന്നതും ജീവൻ നൽകുന്നതായ ദൈവത്തിനെതിരായ നിരീശ്വര ചിന്തയിൽനിന്നും ഉടലെടുക്കുന്നതുമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഫാമിലി വെൽ ബീയിംഗ് ബിൽ എന്നപേരിൽ ഇതേ നിർദേശങ്ങൾ വി.ആർ.കൃഷ്ണയ്യർ കൊണ്ടുവന്നപ്പോൾ പ്രോ ലൈഫ് പ്രസ്ഥാനവും മനുഷ്യജീവ മഹത്ത്വം ഉയർത്തിപ്പിടിക്കുന്ന മറ്റു സംഘടനകളും പ്രക്ഷോഭത്തിലൂടെ അത് ഇല്ലായ്മ ചെയ്തതാണ്. ഈ അധാർമിക ബില്ലുകൾക്കെതിരേ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്ക് കെസിബിസി ഫാമിലി കമ്മീഷന്റെയും പ്രോ ലൈഫ് സമിതിയുടെയും ചെയർമാനായ മാർ മാത്യു ആനിക്കുഴിക്കാട്ടിലിന്റെ നേതൃത്വത്തിൽ നിവേദനം നൽകുമെന്നും ഒക്ടോബർ ഒന്നിന് സെക്രട്ടേറിയറ്റിലേക്ക് രണ്ടിലധികം കുട്ടികളുള്ള കുടുംബങ്ങളുടെ പ്രതിഷേധറാലി നടത്തുമെന്നും പ്രോ ലൈഫ് സംസ്ഥാന സമിതി പ്രസിഡന്റ് റവ.ഡോ.ജോസ് കോട്ടയിൽ, ജനറൽ സെക്രട്ടറി ജോർജ് എഫ്.സേവ്യർ, പിആർഒ സാബു ജോസ്, വൈസ് പ്രസിഡന്റ് ജേക്കബ് പള്ളിവാതുക്കൽ, സെക്രട്ടറിമാരായ യുഗേഷ് തോമസ് പുളിക്കൻ, ജോളി ജോസഫ്, സെലസ്റ്റിൻ ജോൺ, സജു ഇടനാട്ടുകിഴക്കതിൽ, ട്രഷറർ അഡ്വ.ജോസി സേവ്യർ, വിജിലൻസ് സെൽ കോ-ഓർഡിനേറ്റർ അഡ്വ.തോമസ് തണ്ണിപ്പാറ, ആനിമേറ്റർ ഏബ്രഹാം പുത്തൻകുളം എന്നിവർ സംയുക്ത പ്രസ്താവനയിൽ അറിയിച്ചു.

## മൗലിക അവകാശങ്ങൾക്കു ചങ്ങലയിടരുത്: മാർ പോളി കണ്ണൂക്കാടൻ



ജസ്റ്റിസ് കൃഷ്ണയ്യർ മുഖ്യമന്ത്രിക്കു നൽകിയ കേരള വനിത കോഡ് കരട് ബില്ലിന്റെ റിപ്പോർട്ട് മനുഷ്യമഹത്വത്തിനും മനുഷ്യജീവനും വിലകല്പിക്കാത്ത സാമൂഹ്യ തിന്മയാണെന്ന് ഇരിങ്ങാലക്കുട ബിഷപ് മാർ പോളി കണ്ണൂക്കാടൻ. അധാർമികമായ ഈ ബിൽ സമൂഹത്തെ തെറ്റായ ദിശയിലേക്കു നയിക്കുന്നതും ധാർമിക അധഃപതനം ഉളവാക്കുന്നതുമാണ്. മനുഷ്യന്റെ അന്തസ് ഉയർത്തിപ്പിടിക്കുന്ന, ഭാരതത്തിന്റെ ഭരണഘടനയ്ക്കു വിരുദ്ധമായ ഇത്തരം റിപ്പോർട്ടുകൾ മുഖവിലയ്ക്കെടുക്കാതെ തള്ളിക്കളയണമെന്ന് അദ്ദേഹം സംസ്ഥാന സർക്കാരിനോടാവശ്യപ്പെട്ടു. കുട്ടികൾ രാജ്യത്തിന്റെ സമ്പത്താണ്. അത് തീരുമാനിക്കേണ്ടത് മാതാപിതാക്കളാണ്. അത് പൗരന്റെ അവകാശമാണ്. അതിൽ കൈകടത്തുന്നത് നിന്ദ്യവും ഹീനവുമാണ്- ബിഷപ് കൂട്ടിച്ചേർത്തു.

## ജസ്റ്റീസ് കൃഷ്ണയ്യർ കമ്മീഷൻ റിപ്പോർട്ട് വ്യക്തിസ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റം: ബിഷപ് ഡോ. ജോസഫ് കാരിക്കശേരി



സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും അവകാശങ്ങൾക്കുംവേണ്ടിയുള്ള ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ കമ്മീഷൻ സംസ്ഥാന സർക്കാരിനു സമർപ്പിച്ച റിപ്പോർട്ടിലെ പല നിർദേശങ്ങളും അസ്വീകാര്യമാണെന്നും ഇന്ത്യൻ ഭരണഘടന വ്യക്തികൾക്കു നൽകിയിട്ടുള്ള സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റമാണെന്നും കെആർഎൽസിസി ഫാമിലി കമ്മീഷൻ ചെയർമാൻ ബിഷപ് ഡോ. ജോസഫ് കാരിക്കശേരി. കുട്ടികൾ എത്രവേണമെന്നു തീരുമാനിക്കാനുള്ള അവകാശം മാതാപിതാക്കളുടേതാണ്. രണ്ടുകുട്ടികളിൽ കൂടുതൽ ഉള്ളവരിൽനിന്നു പിഴ ഈടാക്കണമെന്നു പറയുന്നതു ന്യായീകരണമില്ലാത്തതാണ്. അധികം കുട്ടികളുള്ളവർക്കു സർക്കാർ സഹായങ്ങളും ആനുകൂല്യങ്ങളും നൽകരുതെന്ന നിർദേശം ജനാധിപത്യ വ്യവസ്ഥയെത്തന്നെ ചോദ്യം ചെയ്യുന്നുണ്ട്. കൂടുതൽ മക്കൾ ഉണ്ടാകുന്നതുകൊണ്ട് നിയമനടപടികൾ അനുഭവിക്കേണ്ടിവരുന്ന സാഹചര്യം കാടത്തവും അപലപനീയവുമാണ്. ജനസംഖ്യാ നിയന്ത്രണത്തിനെതിരേ പ്രചാരണം നടത്തുന്ന മത, സാമൂഹ്യ, രാഷ്ട്രീയ, അക്കാദമിക സംഘടനകൾക്കും സ്ഥാപനങ്ങൾക്കും കടുത്ത ശാസനം നൽകണമെന്നത് മതനിരപേക്ഷത ഉയർത്തിപ്പിടിക്കുന്ന ഭരണഘടനയ്ക്കു നിരക്കുന്നതല്ല. ജനപ്പെരുപ്പ നിയന്ത്രണനയം നടപ്പിലാക്കുന്നതിനു രൂപീകരിക്കുന്ന കമ്മീഷനിൽ ഒരു സംഘടനയുടെയും ഭാരവാഹികൾ അംഗങ്ങളാകരുതെന്ന നിർദേശം നിഗൂഢലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്നതാണ്. സുരക്ഷിതമായ ഗർഭഛിദ്രസംവിധാനം സൗജന്യമായി ആശുപത്രികളിലും ആരോഗ്യകേന്ദ്രങ്ങളിലും ഏർപ്പെടുത്തണമെന്ന വിവാദവ്യവസ്ഥയും സുരക്ഷിതമായ ഗർഭനിരോധന ഉപാധികളെ പ്രോത്സാഹിപ്പിക്കുന്ന പ്രവണതയും സമൂഹത്തിൽ മൂല്യങ്ങളുടെ അപചയത്തിനും ശിഥിലീകരണത്തിനും കാരണമാകുമെന്നും ബിഷപ് ഡോ. ജോസഫ് കാരിക്കശേരി ചൂണ്ടിക്കാട്ടി.

## ജാഗ്രതാ വാർത്ത

### പരിസരശുചീകരണം മറക്കുന്ന മലയാളികൾ

എലിപ്പനി, ഡെങ്കിപ്പനി, ചിക്കൻഗുനിയ എന്നിവ വരുമ്പോൾ ഡെറ്റോൾ തളിക്കുകയും അതു മാറിയാൽ സ്വന്തം ശരീരത്തിൽ മാത്രം സെന്റ് പൂശി നടക്കുകയും ചെയ്യുന്നവരെ കാണണമെങ്കിൽ കേരളത്തിൽത്തന്നെ വരണം. പരിസരമലിനീകരണം തടയാൻ നിരവധി നിയമങ്ങളുണ്ടായിരിക്കെ അതൊന്നും പ്രാവർത്തികമാക്കാതെ രോഗം വരുമ്പോൾ മാത്രം നെട്ടോട്ടമോടുന്ന മന്ത്രിമാരും പരിവാരങ്ങളുമാണിവിടെ. ഇപ്പോഴും റോഡരികിൽ മാലിന്യനിക്ഷേപം നിർബാധം തുടരുന്നു. അവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാനും ശിക്ഷിക്കാനും മെനക്കെടാതെ രോഗം ആരംഭിക്കുമ്പോൾ ശുചീകരണപ്രവർത്തനം നടത്താൻ ആഹ്വാനം ചെയ്യുകയും പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്ത് ആത്മസംതൃപ്തി നേടുകയും ചെയ്യുന്ന സർക്കാരാണ് നമ്മുടേത്. ഇതിന് ഇടതുപക്ഷമെന്നോ വലതുപക്ഷമെന്നോ വേർതിരിവില്ല. കേരളത്തിൽ കൂടുതൽ മഴ ലഭിക്കുന്നത് അനുഗ്രഹമായി കാണാതെ മഴ മൂലമാണ് റോഡ് തകർന്നതെന്നും കാനകളിൽ വെള്ളം കെട്ടിനിൽക്കുന്നതെന്നും തന്മൂലമാണ് പരിസരമലിനീകരണമുണ്ടാകുന്നതെന്നുമുള്ള മുട്ടാപ്പോക്ക് നയം ഇനിയെങ്കിലും നിർത്തരുതോ?

പരിസരശുചീകരണവും റോഡ് വൃത്തിയായി സൂക്ഷിക്കലും നിരന്തരപ്രക്രിയയാണ്. അത് തുടരുകതന്നെ വേണം. അല്ലെങ്കിൽ നാറാണത്തു ഭ്രാന്തൻ നമ്മെ കളിയാക്കുകയില്ലെന്നാരു കണ്ടു ?

പി. ആർ. ജോസ്, ചൊവ്വൂർ
30/9/2011-ദീപിക

## ഡോ. മർസലിനോസ് മെത്രാൻ

ഇറ്റലിയിൽ ജനിച്ച ഡോക്ടർ മർസലിനോസ് മെത്രാൻ ഒരു മിഷനറിയായി വരാപ്പുഴ എത്തി. അദ്ദേഹം ബഹുഭാഷാ പണ്ഡിതനും, താർക്കികനും ഗ്രന്ഥകാരനുമായിരുന്നു. അദ്ദേഹം പുത്തൻപള്ളി സെമിനാരിയിലെ ഒന്നാമത്തെ റെക്ടറായി. 1966 മുതൽ 1877 വരെ ആ ജോലിയിൽ തുടർന്നു. 1877-ൽ കേരളീയ സുറിയാനിക്കാരുടെമേൽ മാത്രം ഭരണാധികാരമുള്ള വരാപ്പുഴ മെത്രാപ്പോലീത്തയുടെ കോ-അഡ്ജുത്തോരായി നിയമിതനായി. കോ-അഡ്ജുത്തോർ എന്നാൽ പിൻതുടർച്ചാവകാശമുള്ള സഹമെത്രാൻ എന്നാണർത്ഥം. ആ വർഷം തന്നെ ഒക്ടോബർമാസം 21-ാം തീയതി മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. 1887- ൽ സുറിയാനിക്കാർക്ക് പ്രത്യേക വികാരി അപ്പസ്തോലിക്കമാർ നിയമിക്കപ്പെട്ടപ്പോൾ ഡോക്ടർ മർസലിനോസ് അവരുടെമേലുള്ള ഭരണം ഒഴിഞ്ഞു. പിന്നീട് വരാപ്പുഴ മെത്രാപ്പോലീത്തയുടെ സഹായിയായി തുടർന്നു. 1892 മാർച്ചു മാസത്തിൽ നിര്യാതനായി.

കേരളത്തിലെ കത്തോലിക്കാ സഭയ്ക്ക് മറക്കാനാവാത്ത പല സേവനങ്ങളും അദ്ദേഹം അനുഷ്ഠിക്കുകയുണ്ടായി. കേരളീയ കർമ്മലീത്താ സന്യാസ സഭയുടെ സ്ഥാപനത്തിലും പുരോഗതിയിലും അദ്ദേഹം ശ്രദ്ധാലുവായിരുന്നു. കേരളത്തിൽ ഇന്നും നിലവിലിരിക്കുന്ന രണ്ടു വർത്തമാനപ്പത്രങ്ങളുടെ - സത്യനാദവും നസ്രാണി ദീപികയും- പ്രവർത്തനം തുടങ്ങിയത് അദ്ദേഹത്തിന്റെ പ്രത്യേക പരിശ്രമത്തിലാണ്.

അക്കാലത്ത് കത്തോലിക്കർക്ക് സി.എം.എസ്. സ്കൂളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടു. ആ ഘട്ടത്തിൽ മർസലിനോസ് മെത്രാൻ കത്തോലിക്ക കുട്ടികൾക്കുവേണ്ടി കൊച്ചിയിൽ 'സാന്റ്ക്രൂസ് 'എന്ന ഇംഗ്ലീഷ് വിദ്യാലയം സ്ഥാപിച്ചു. ആ വിദ്യാലയത്തിന്റെ ചുമതല ഐറിഷ്കാരായ കർമ്മലീത്താക്കാരെ ഏല്പിച്ചു. സെമിനാരികളിലും ഇംഗ്ലീഷ് പാഠ്യവിഷയമാക്കി. പുത്തൻപള്ളി സെമിനാരി വലുതാക്കി. ഇനിമേൽ ഇംഗ്ലീഷ്, സുറിയാനി പരീക്ഷകളിൽ ജയിക്കുന്നവർക്കേ പട്ടം കൊടുക്കുകയുള്ളു എന്നു തീരുമാനിച്ചു. അദ്ദേഹത്തിന്റെ ഭരണകാലത്തുതന്നെ കേരളത്തിലെ കത്തോലിക്കരുടെ രണ്ടാമത്തെ ഇംഗ്ലീഷു വിദ്യാലയമായ മാന്നാനം സെന്റ് എഫ്രെയിംസ് സ്ഥാപിച്ചു.

കൊച്ചിയിൽ നിന്ന് ചർച്ച് മിഷൻ സൊസൈറ്റിക്കാർ 'പശ്ചിമതാരക' എന്ന പത്രിക പ്രസിദ്ധപ്പെടുത്താൻ തുടങ്ങി. അതിൽ തുടർച്ചയായി കത്തോലിക്കാ മതത്തെയും, കേരളത്തിലെ കത്തോലിക്കരെയും ആക്ഷേപിച്ചുകൊണ്ടുള്ള ലേഖനങ്ങൾ പ്രത്യക്ഷപ്പെട്ടു. ആ ലേഖനങ്ങളെ ഖണ്ഡിക്കുകയും അതിലുള്ള അബദ്ധങ്ങൾ ചൂണ്ടിക്കയും ചെയ്തുകൊണ്ട് ഡോക്ടർ മർസലിനോസ് ജ്ഞാനദീപം, സത്യവേദചരിത്രം എന്നീ രണ്ട് കൃതികൾ പ്രസിദ്ധപ്പെടുത്തി. കൂനമ്മാവ് അമലോത്ഭവമാതാവിന്റെ മുദ്രാലയത്തിലാണ് ആ ഗ്രന്ഥങ്ങൾ അച്ചടിച്ചത്.

## ജനസംഖ്യാ നിയന്ത്രണത്തിനായി ആത്മഹത്യകൾ  പ്രോൽസാഹിപ്പിക്കണോ?

ജനസംഖ്യാ നിയന്ത്രണത്തിനായി ആത്മഹത്യകൾ  പ്രോൽസാഹിപ്പിക്കണ മെന്ന് എഴുതിയത് ശ്രീ.എം.പി. നാറാപിള്ളയാണ്. അദ്ദേഹത്തിന്റെ രചനകളിൽ ആക്ഷേപഹാസ്യം ധാരാളമുണ്ടല്ലോ. അടുത്ത കാലത്ത് കുട്ടികൾ രണ്ടിൽകൂടുതൽ ഉണ്ടെങ്കിൽ ശിക്ഷാ നടപടികൾ എന്ന രീതിയിലുള്ള നിയമ പരിഷ്ക്കരണ നിർദ്ദേശങ്ങൾ വായിച്ചപ്പോൾ നാറാപിള്ളയെ ഓർത്തു;  അദ്ദേഹത്തിന്റെ കൗതുകകരമായ  വാദമുഖങ്ങളേയും

മലയാളികൾ വംശനാശം നേരിട്ടുകൊണ്ടിരിക്കുന്ന ഒരു സമൂഹമായി മാറിക്കഴിഞ്ഞിരിക്കയാണ്. സൈലന്റ് വാലിയിലെ സിംഹവാലൻ കുരങ്ങനെപ്പോലെയോ വെച്ചൂർ പശുക്കളെപ്പോലെയോ ഒക്കെ മലയാളികളും വംശനാശത്തെ നേരിടുന്നുവെന്നാണ് കണക്കുകൾ കാണിക്കുന്നത്.  അതായത് ഒരു സമൂഹം നിലനിന്നുപോകണമെങ്കിൽ 2.2 കുട്ടികൾ എങ്കിലും ഉണ്ടായിരിക്കണം. എന്നാൽ ഇപ്പോൾ കേരളത്തിൽ കഷ്ടിച്ച് 1.7 കുട്ടികൾ മാത്രമാണുള്ളത്. അതുകൊണ്ട് ഈ നിലയിൽ  പോകുകയാണെങ്കിൽ മലയാളികൾ കാലക്രമേണ അന്യംനിന്നുപോയ ഒരു സമൂഹമായി പരിണമിക്കും.

ഈ സാഹചര്യത്തിലാണ്  നിയമപരമായി രണ്ടു കുട്ടികളിൽ കൂടുതൽ ഉള്ളവരെ ശിക്ഷിക്കാൻ നിയമപരിഷ്ക്കരണ നിർദ്ദേശങ്ങളുമായി ശ്രീ. വി. ആർ. കൃഷ്ണയ്യർ സമിതി വരുന്നത്. കുടുംബ വ്യവസ്ഥയെ തകർക്കുന്നതും യുക്തിക്കും ജനാധിപത്യത്തിനു നിരക്കാത്തതും  കേരളത്തിന്റെ മതാത്മകമൂല്യങ്ങളെ വെല്ലുവിളിക്കുന്നതുമായ ഒരു നിലപാടാണിത് എന്നു പറയേണ്ട കാര്യമില്ലല്ലോ. അതുകൊണ്ടുതന്നെ കേരളത്തിന്റെ ജനാധിപത്യ മതാത്മകമൂല്യങ്ങളെ തകർക്കാനുള്ള ശ്രമത്തിന്റെ ഭാഗം കൂടിയാണിത് എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഒറ്റയടിക്ക് അതിനെ തകർക്കാൻ കഴിഞ്ഞില്ലെങ്കിൽ കാലക്രമേണ ഇതുപോലെയുള്ള നിർദ്ദേശങ്ങളിലൂടെ  ജനാധിപത്യ മതാത്മകമൂല്യങ്ങളെ മറികടക്കാനുള്ള ശ്രമമാണ്  ഇവിടെ കാണാൻ കഴിയുന്നത്.

കുഞ്ഞുങ്ങളെ അമ്മയുടെ ഗർഭപാത്രത്തിൽ  വച്ചു നശിപ്പിക്കുന്നതും, കൊലപാതകവും, ആത്മഹത്യയും എല്ലാം പരസ്പരം ബന്ധപ്പെട്ടു നില്ക്കുന്ന തിന്മകൾ തന്നെയാണ്. ഏതെങ്കിലും ഒരു കാര്യം പ്രോൽസാഹിപ്പിക്കുകയാണെങ്കിൽ സമൂഹത്തിന്റെ മറ്റു രണ്ടു ഹിംസകളും ആദരിക്കപ്പെടുയും അംഗീകരിക്കപ്പെടുകയും ചെയ്യും.  അത് വലിയ അപകടത്തിലേക്കു സമൂഹത്തെ കൊണ്ടുപോകും. ഇക്കാര്യങ്ങൾ ഒന്നും  പരിഗണിക്കാതെ നമ്മുടെ  ജനാധിപത്യ മതാത്മക സംസ്കാരം തകർക്കുക എന്ന ഗൂഢലക്ഷ്യത്തോടെ പ്രവർത്തിക്കുന്നവരുടെ അജൻഡകൾ തിരിച്ചറിഞ്ഞു പ്രതികരിക്കാനും പ്രവർത്തിക്കാനും നമ്മൾക്കു കഴിയണം.

റവ. ഫാ. ഫിലിപ്പ് നെല്പുരപറമ്പിൽ

**"Jagratha News"** - An internet news service is free and for private circulation
**Web:** www.kcbcsocialharmony.org **Blog:** jagrathakcbc.blogspot.com
**Designed and Edited by** , Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA